## അനുബന്ധം എച്ച് -4

## അറിയിപ്പ്

ചെർപ്പുളശ്ശേരി ജില്ലാ ട്രഷറിയിലെ ജൂനിയർ അക്കൗണ്ടന്റ് (നിലവിൽ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരിക്കുന്ന) ശ്രീ.കെ.ഷാജഹാനെ അറിയിക്കുന്നത് എന്തെന്നാൽ, താങ്കൾ ചെർപ്പുളശ്ശേരി ജില്ലാ ട്രഷറിയിൽ ജൂനിയർ അക്കൗണ്ടന്റായി ജോലി നോക്കിവരവെ 02/01/2001 മുതൽ കെ.എസ്.ആർ ഭാഗം-1 അപ്പൻഡിക്സ് XII എ പ്രകാരം വിദേശത്ത് മെച്ചപ്പെട്ട ജോലി സ്വീകരിക്കുന്നതിനായി 20 വർഷത്തേക്ക് ശൂന്യവേതന അവധിയിൽ പ്രവേശിക്കുകയുണ്ടായി. താങ്കൾക്ക് അനുവദിച്ച ശൂന്യവേതനഅവധി കാലയളവ് 01-01-2021-ന് പൂർത്തീകരിച്ചിട്ടും താങ്കൾ ഓഫീസിൽ ഹാജരാകാതെ അനധികൃതമായി വിട്ടുനിന്നതിനെ തുടർന്ന് താങ്കൾക്ക് ചാർജ്ജ് മെമ്മോയും കുറ്റാരോപണ പത്രികയും നൽകുകയുണ്ടായി. തുടർന്ന് പ്രസ്തുത വിഷയത്തിൽ ഒരു ഫോർമൽ എൻക്വയറി നടത്തുകയും താങ്കൾ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന 02-01-2021 മുതൽ താങ്കളെ സർവീസിൽ നിന്നും നീക്കം ചെയ്യുവാൻ തീരുമാനിക്കുകയുമുണ്ടായി. പ്രസ്തുത വിവരം അറിയിച്ചുകൊണ്ട് ട്രഷറി ഡയറക്ടറുടെ 25-11-2022- ലെ TRY/2756/2021-Vig.I നമ്പർ കത്ത് പ്രകാരം താങ്കൾക്ക് നോട്ടീസ് നൽകുകയുണ്ടായിയെങ്കിലും ടി കത്ത് “ Addressee left the station” എന്ന കുറിപ്പോടുകൂടി തപാൽ അധികാരികൾ തിരികെ ലഭ്യമാക്കിയിരിക്കുന്നു. മേൽ സാഹചര്യത്തിൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം താങ്കൾക്ക് ഇക്കാര്യത്തിൽ എന്തെങ്കിലും മറുപടി സമർപ്പിക്കാനുള്ളപക്ഷം ആയത് സമർപ്പിക്കുവാൻ നിർദ്ദേശിക്കുന്നു. നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ താങ്കൾ ഏതൊരു വിശദീകരണവും സമർപ്പിക്കാത്തപക്ഷം താങ്കൾക്ക് ഒന്നും ബോധിപ്പിക്കുവാൻ ഇല്ല എന്ന അനുമാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും. താങ്കൾ കൈപ്പറ്റാതെ മടങ്ങിവന്ന നോട്ടീസ് നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കുന്നതിന് ഏത് മേൽവിലാസത്തിലേക്കാണ് അയക്കേണ്ടത് എന്നത് കാണിച്ച് ഓഫീസ് പ്രവർത്തന സമയത്ത് ട്രഷറി ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

വി.സാജൻ
ട്രഷറി ഡയറക്ടർ

സ്വീകർത്താവ്

ശ്രീ.കെ.ഷാജഹാൻ
ജൂനിയർ അക്കൗണ്ടന്റ്
ജില്ലാ ട്രഷറി , ചെർപ്പുളശ്ശേരി

" ഭരണഭാഷ - മാതൃഭാഷ "

No.TRY/2756/2021-Vig. 1

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം
തീയതി :25/11/2022

## അറിയിപ്പ്

ചെർപ്പുള്ളശ്ശേരി ജില്ലാ ട്രഷറിയിലെ ജൂനിയർ അക്കൗണ്ടന്റ് ( നിലവിൽ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരിക്കുന്ന) ശ്രീ.കെ.ഷാജഹാൻ എന്നയാളെ അറിയിക്കുന്നത്.

താങ്കൾ ചെർപ്പുളശ്ശേരി ജില്ലാ ട്രഷറിയിൽ ജൂനിയർ അക്കൗണ്ടന്റായി ജോലി നോക്കിവരവെ 02/01/2001 മുതൽ കെ.എസ്.ആർ ഭാഗം 1 അപ്പന്റിക്സ് XII A പ്രകാരം വിദേശത്ത് മെച്ചപ്പെട്ട ജോലി സ്വീകരിക്കുന്നതിനായി 20 വർഷത്തേയ്ക്ക് ശൂന്യവേതന അവധിയിൽ പ്രവേശിക്കുകയുണ്ടായി. താങ്കൾക്ക് അനുവദിച്ച ശൂന്യവേതന അവധി കാലയളവ് 01/01/2021-ന് പൂർത്തീകരിച്ചിട്ടും താങ്കൾ ഓഫീസിൽ ഹാജരാകാതെ അനധികൃതമായി ഓഫീസിൽ നിന്നും വിട്ട് നിൽക്കുകയാണെന്ന് 05/01/2021-ലെ ചെർപ്പുളശ്ശേരി ജില്ലാ ട്രഷറി ഓഫീസറുടെ എ1/122/2015 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

തുടർന്ന് താങ്കൾക്ക് ചാർജ്ജ് മെമ്മേയും കുറ്റാരോപണ പത്രികയും താങ്കളുടെ സേവനപുസ്തകത്തിലെ മേൽവിലാസത്തിൽ നൽകിയെങ്കിലും ടി കത്ത് 'Addressee left station 'എന്ന കുറിപ്പോടുകൂടി മടങ്ങിവരുകയുണ്ടായി. അതേ തുടർന്ന് ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് മുഖാന്തിരം

വർത്തമാന പത്രങ്ങളിൽ പരസ്യം നൽകുകയുണ്ടായിയെങ്കിലും താങ്കൾ ചാർജ്ജ് മെമ്മോയ്ക്കും കുറ്റാരോപണ പത്രികയ്ക്കും മറുപടി സമർപ്പിക്കുകയുണ്ടായില്ല. ഈ വിഷയത്തിൽ ഫോർമൽ എൻക്വയറി നടത്തുവാൻ വകുപ്പ് തീരുമാനിക്കുകയും ഫോർമൽ എൻക്വയറി ഓഫീസറായി ട്രഷറി ജോയിന്റ് ഡയറക്ടർ ശ്രീ.കെ.ആർ.ജിജു പ്രജിത്തിനെ നിയമിച്ച് ഉത്തരവാകുകയും ചെയ്തു. അന്വേഷണത്തിന്റെ ഭാഗമായി താങ്കളോട് നേരിട്ട് പാലക്കാട് ജില്ലാ ട്രഷറിയിൽ 07/07/2022-ന് ഹാജരാകാൻ നിർദ്ദേശിച്ചിരുന്നെങ്കിലും താങ്കൾ ഹാജരായില്ല. താങ്കളെ നേരിൽ കേൾക്കുവാനുള്ള അവസരം താങ്കൾക്ക് അനുവദിച്ചുവെങ്കിലും താങ്കൾ എൻക്വയറി ഓഫീസർ മുമ്പാകെ ഹാജരാകുക യുണ്ടായില്ല.

താങ്കൾ 02/01/2021 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്ന സാഹചര്യത്തിൽ നിലവിലുള്ള ചട്ടങ്ങളും ഉത്തരവുകളും (1960-ലെ കേരള സിവിൽ സർവ്വീസസ് തരംതിരിവും, നിയന്ത്രണ അപ്പീലും) അനുസരിച്ച് 02/01/2021 മുതൽ മുൻകാല പ്രാബല്യത്തോടുകൂടി താങ്കളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നു. ആയതിനാൽ ഈ അറിയിപ്പ് ലഭിച്ച തീയതി മുതൽ 15 ദിവസത്തിനുള്ളിൽ താങ്കൾക്കെതിരെ പ്രസ്തുത അച്ചടക്ക നടപടി സ്വീകരിക്കാതിരി ക്കുന്നതിലേയ്ക്കായി എന്തെങ്കിലും കാരണം ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ ആയത് താങ്കൾ രേഖാമൂലമോ / സ്വമേധയായോ ട്രഷറി ഡയറക്ടറേറ്റിൽ ഹാജരായി ട്രഷറി ജോയിന്റ്

ഡയറക്ടർ 1-ന് മുമ്പാകെ സമർപ്പിക്കേണ്ടതാണ്. വിശദീകരണം യഥാസമയം ലഭിക്കാതെ വന്നാൽ താങ്കൾക്ക് ഒന്നും തന്നെ ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ എത്തിച്ചേരുകയും അനന്തര നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

വി.സാജൻ
ട്രഷറി ഡയറക്ടർ

സ്വീകർത്താവ്

ശ്രീ.കെ.ഷാജഹാൻ
ജൂനിയർ അക്കൗണ്ടന്റ്
(അനധികൃതമായി ഓഫീസിൽ ഹാജരാകാതിരിക്കുന്ന)
ജില്ലാ ട്രഷറി ചെർപ്പുളശ്ശേരി
(ചെർപ്പുളശ്ശേരി ജില്ലാ ട്രഷറി ഓഫീസർ മുഖേന)

പകർപ്പ് : ജില്ലാ ട്രഷറി ഓഫീസർ, ചെർപ്പുളശ്ശേരി

(മൂന്ന് പകർപ്പുകൾ - *താങ്കൾ ഒരു പകർപ്പ് ശ്രീ.കെ.ഷാജഹാന് നൽകേണ്ടതും മറ്റൊരു പകർപ്പ് ടി ജീവനക്കാരന്റെ തീയതിവച്ചുള്ള കൈപ്പറ്റ് ഒപ്പ് രേഖപ്പെടുത്തി തിരികെ ലഭ്യമാക്കേണ്ടതുമാണ്.*)

സ്റ്റോക്ക് ഫയൽ / സ്പെയർ